**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3630** | **12-03-2025 - ൽ മറുപടിയ്ക്ക്**

**ക്രമക്കേടുകൾ നടത്തിയ ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവകലാശാലയിൽ 2014-16 കാലഘട്ടത്തിൽ നടന്ന ലോക്കൽ എരിയാ നെറ്റ് വർക്കിംഗ് പ്രവൃത്തിയിൽ ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ് കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ എന്തുനടപടികളാണ് സർവകലാശാല സ്വീകരിച്ചതെന്ന് അറിയിക്കാമോ; | (എ) | കാലിക്കറ്റ് സർവകലാശാലയിൽ 2014-2016 കാലഘട്ടത്തിൽ നടന്ന ലോക്കൽ ഏരിയ നെറ്റ് വർക്കിംഗ് പ്രവൃത്തിയിൽ ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിങ് കണ്ടെത്തിയ ക്രമക്കേടുകൾക്ക് ആരോപണ വിധേയനായ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ ശ്രീ. മുഹമ്മദ് സാജിദ് ടി.-യെ അന്വേഷണ വിധേയമായി 11.09.2020-ലെ സർവകലാശാല ഉത്തരവ് നം. 8099/2020/Admn പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു. ശേഷം മേൽ വിഷയത്തിൽ സർവകലാശാല ഒരു അന്വേഷണ കമ്മിറ്റിയെ നിയമിക്കുകയും കമ്മിറ്റിയുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ 13.09.2022-ലെ സർവകലാശാല ഉത്തരവ് നം.17381/2022/Admn പ്രകാരം ആരോപണവിധേയനായ ശ്രീ. മുഹമ്മദ് സാജിദ് ടി.-യെ 5 വർഷത്തേക്ക് ജൂനിയർ എഞ്ചിനീയർ തസ്തികയിലേക്ക് തരം താഴ്ത്താനും കൂടാതെ സർവകലാശാലയ്ക്ക് നഷ്ടം സംഭവിച്ചതായി കണക്കാക്കിയ 27,42,116/- രൂപ അദ്ദേഹത്തിൽ നിന്ന് ഈടാക്കാനും ഉത്തരവായി. തുടർന്ന് ജൂനിയർ എഞ്ചിനീയർ പദവിയിൽ ജോലിയിൽ പ്രവേശിക്കണമെന്ന് നിർദേശിച്ചുകൊണ്ട് ശ്രീ. മുഹമ്മദ് സാജിദ് ടി.-യ്ക്ക് 16.09.2022 തീയതിയിൽ 7361/AD-F-ASST2/2012/CU നമ്പർ മെമ്മോ നൽകുകയും ടിയാൻ അപ്രകാരം ജൂനിയർ എൻജിനീയറായി ജോയിൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. 1977-ലെ കാലിക്കറ്റ് സർവകലാശാലാ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് അധ്യായം 4, സ്റ്റാറ്റ്യൂട്ട് 52, 53 എന്നിവയിൽ നിഷ്കർഷിച്ച പ്രകാരം ടിയാൻ കാലിക്കറ്റ് സർവകലാശാലാ ചാൻസലർ മുമ്പാകെ അപ്പീൽ പെറ്റീഷൻ സമർപ്പിച്ചിരുന്നു. പെറ്റീഷൻ പരിഗണിച്ച ചാൻസലർ 27.06.2024 തിയ്യതിയിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിച്ചതായി 28.06.2024 |

| | | | |
|---|---|---|---|
| | | | തിയ്യതിയിലെ .GS3-2783/2022 നമ്പർ കത്ത് പ്രകാരം ഗവർണറുടെ അഡിഷണൽ ചീഫ് സെക്രട്ടറി സർവകലാശാലയെ അറിയിച്ചിരുന്നു :<br><br>"(a) The punishment imposed on the appellant through Annexure A25 is set aside. (b) The appellant shall be granted with all the service benefits due to him as if he continued in the post of Instrumentation Engineer, without any reversion. (c) The monetary benefits due to him on the basis of the above directions shall be quantified and disbursed to him within a period of three months from today, i.e.27.06.2024. (d) On failure to disburse the amount as directed above interest at the rate of 12% shall be paid to the appellant on the amount due for the delayed period and the same shall be recovered from the officer, who is found responsible for causing the delay"<br><br>ബഹു. ചാൻസലറുടെ പ്രസ്തുത ഉത്തരവ് പരിഗണിച്ച 11.07.2024 തീയതിയിൽ ചേർന്ന സർവകലാശാലാ സിൻഡിക്കേറ്റ് യോഗം ചാൻസലറുടെ തീരുമാനത്തിനെതിരെ ബഹു. ഹൈക്കോടതിയെ സമീപിക്കാൻ തീരുമാനിക്കുകയും പ്രസ്തുത തീരുമാനം നടപ്പിൽ വരുത്തുകയും ചെയ്തു. എന്നാൽ ശ്രീ. മുഹമ്മദ് സാജിദ് ടി സമർപ്പിച്ച അപ്പീൽ പരിഗണിച്ച് കൊണ്ട് ബഹു. ചാൻസലർ പുറപ്പെടുവിച്ച 27.06.2024-ലെ GS3-2783/2022 നടപടിക്രമം, വൈസ് ചാൻസലറുടെ 11/09/2024 ലെ 7361/AD-F-ASST-2/2012/CU നമ്പർ നടപടിക്രമം വഴി നടപ്പിലാക്കിയതായി വൈസ് ചാൻസലർ അറിയിച്ചിട്ടുണ്ട്. എന്നാൽ സിൻഡിക്കേറ്റ് അംഗം അഡ്വ. എം ബി ഫൈസൽ ഫയൽ ചെയ്ത കേസിൽ ചാൻസലറുടെ തീരുമാനം നടപ്പാക്കുന്നത് ഇടക്കാല ഉത്തരവിലൂടെ ബഹു. ഹൈക്കോടതി താൽക്കാലികമായി മരവിപ്പിക്കുകയും അതുപ്രകാരം ബഹു. ചാൻസലറുടെ തീരുമാനം നടപ്പിൽ വരുത്തിയത് താൽക്കാലികമായി മരവിപ്പിച്ചതായി വൈസ് ചാൻസലർ ഫയലിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | കാലിക്കറ്റ് സർവകലാശാലയിൽ 2014-'16 കാലഘട്ടത്തിൽ നടന്ന ലോക്കൽ ഏരിയാ നെറ്റ് വർക്കിംഗ് പ്രവൃത്തിയിൽ ഉള്ള ക്രമക്കേടുകൾ സംബന്ധിച്ച് ശ്രീ. അനൂപ് കുമാർ എന്നയാൾ സമർപ്പിച്ച പരാതിയിൽ സർവകലാശാല സയൻസ് |

| | | | |
|---|---|---|---|
| | | | ഇൻസ്ട്രുമെൻറേഷൻ സെൻ്റർ ജൂനിയർ എഞ്ചിനീയർ ശ്രീ. മുഹമ്മദ് സാജിദ് ടി. യ്ക്ക് എതിരെ വിജിലൻസ് ആൻഡ് ആൻ്റി കറപ്ഷൻ ബ്യൂറോയിൽ PE 01/2022/NRK നമ്പരായി ഒരു പ്രാഥമിക അന്വേഷണം നടന്നു വരുന്നു. |
| (സി) | ക്രമക്കേടിന് ഉത്തരവാദിയായി കണ്ടെത്തിയ ഉദ്യോഗസ്ഥനെ കുറ്റവിമുക്തനായി പ്രഖ്യാപിക്കുന്നതിന് മുമ്പ് ധനകാര്യ വകുപ്പിന്റെ വിശദീകരണം തേടിയിരുന്നോ; വ്യക്തമാക്കാമോ? | (സി) | പ്രസ്തുത ഉദ്യോഗസ്ഥനെതിരെയുള്ള നടപടികൾ പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ